"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - പത്തനംതിട്ട ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2026/DMD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. 27.03.2025 തീയതിയിലെ സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി. നമ്പർ ഉത്തരവ്
2. ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുടെ 31.12.2025 ലെ 1008/ADPS1/M(R&H)/2025 നമ്പർ കുറിപ്പ്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ വീതം ഭരണാനുമതി നൽകിയിരുന്ന പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കടപ്ര പഞ്ചായത്തിലെ കണ്ണൻ കേരി മടമുണ്ടനാരി പാലം റോഡ് (ക്രമ നം. 13), കൊറ്റംകുഴി കറുകേൽപടി കറുകത്തറ പടി റോഡ് (ക്രമ നം. 15) പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ടും അതിനുപകരമായി പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പെരിങ്ങര ഗ്രാമപഞ്ചായത്ത് വാർഡ്-8 മാടപ്പള്ളിക്കാവ് അമ്പലം റോഡ്, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ കടപ്ര ഗ്രാമപഞ്ചായത്തിൽ വാർഡ്-8 കടപ്ര പഞ്ചായത്ത് കെ.വി.എൽ.പി.സ്കൂൾ പടി കല്ലുവാരം കടവ് റോഡ് എന്നീ പ്രവൃത്തികൾക്ക് മാറ്റി അനുവദിച്ചുകൊണ്ടും ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് പത്തനംതിട്ട ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/4/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 19-01-2026 16:00:41
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്